(*b*) are Government aware that if a dam is constructed there, more than 1000 acres of land could be converted into double crop paddy lands?

Sri. E. John Philipose:

(*a*) and (*b*) Investigation for construction of a dam across Kothamangalam river referred to was carried out in 1944. The total area of land that can be converted into double crop by the proposed dam is estimated at 463 acres.

ശ്രീ. എൻ. പി. വർഗ്ഗീസ്: ഇന്ന് ഈ ഇൻവെസ്റ്റിഗേഷൻ നിറുത്തിവയ്ക്കുവാനുള്ള കാരണമെന്താണ്?

Sri. E. John Philipose: Government had considered it too expensive.

ശ്രീ. എൻ. പി. വർഗ്ഗീസ്: ഇപ്പോൾ ഇൻ വെസ്റ്റിഗേഷനു് ഓർഡർ ചെയ്തിട്ടുണ്ടോ?

ശ്രീ. ഇ. ജോൺ ഫിലിപ്പോസ്: ഇല്ല.

ശ്രീ. കണ്ണാറ ഗോപാലപണിക്കർ: മുമ്പു് ഈ ഇൻവസ്റ്റിഗേഷൻ നടത്താൻ എന്തുതുക ചിലവാക്കിയിട്ടുണ്ടു്?

ശ്രീ. ഇ. ജോൺ ഫിലിപ്പോസ്: അതിന്റെ കണക്കു് ഇപ്പോൾ എന്റെ കൈവശമില്ല.

ശ്രീ. എൻ. പി. വർഗ്ഗീസ്: ഇപ്പോഴത്തെ ഫുഡ് പ്രൊഡക്ഷൻസ്കീം അനുസരിച്ചു് ഇൻവെസ്റ്റിഗേറ്റ ചെയ്യാൻ വല്ല ആലോചനയുമുണ്ടോ?

Sri. E. John Philipose: It is a matter involving over a lakh of rupees. ലക്ഷത്തി എൺപത്തിരായിരം രൂപ ചിലവാക്കിയിട്ടു് നടത്തേണ്ടി അത്രപത്തിമൂന്നു ഏക്കർ സ്ഥലത്തുമാത്രമാണു് പ്രയോജനപ്പെടുന്നു. അതുകൊണ്ടു് അതേപ്പറ്റി ആലോചിച്ചതിനുശേഷംമാത്രമേ ഒരു തീരുമാനം എടുക്കാൻ നിവൃത്തിയുള്ളു.

REPAIRS TO TRANSPORT BUSES.

*607 [10] **Sri. N. P. Vargheese:** Will the Hon'ble Minister for Communications be pleased to state:—

(*a*) whether the driver of a Transport bus has any responsibility to keep it in condition or to conduct immediate repairs when there is breakdown;

(*b*) are Government aware that even for very minor repairs which the driver could do within a few minutes the mechanic has to be informed and it takes generally 8 to 24 hours for the repair of a minor disorder of a running bus; and

(*c*) are Government aware that private buses are repaired immediately at the spot when there is a break down?

Sri. E. John Philipose:

(*a*) All drivers have the responsibility to see to the safety and proper use of the vehicle while it is in his charge. If the break down of the bus is of a minor nature which the driver can rectify without much difficulty and without the aid of special implements he is expected to do it.

(*b*) Due to the presence of departmental garages in most of the important stations en-route such delay is not caused in getting immediate assistance of mechanics from the nearest garage. Sometimes delay may occur depending upon the seriousness of the defect.

(*c*) Usually, private concerns with a small number of vehicles entrust the drivers with the duty of attending to the repairs of the vehicles also but in a large organisation this is not possible and as long as separate functions are assigned to drivers and mechanics it is not desirable for one to carry out the function of the other.

ശ്രീ. എൻ. പി. വർഗ്ഗീസ്: ബസ്സുകളും ബ്രേക്കഡൗൺ വന്നുകിടന്നാൽ അപ്പോൾതന്നെ റിപ്പയർ ചെയ്യുന്നതിനു ഡ്രൈവർമാർക്കു് അനുവാദം കൊടുത്തുകൂടെ?

Sri. E. John Philipose: That will lead to very serious complications. At present Government have got an idea of giving the drivers a special workshop training. That scheme has not yet been put into operation, but it is proposed to be given effect to shortly.

ശ്രീ. എ. കെ. പാച്ചുപിള്ള: വിഷമങ്ങളെല്ലാം വിധത്തിലുണ്ടാകുമെന്നാണു് ഗവണ്മെന്റിന്റെ അഭിപ്രായം?

Sri. E. John Philipose: Of course I am willing to explain that. If drivers are permitted to tamper with the engine itself, it is quite possible that delicate adjustments therein, may be intered with even though a defect may have nothing to do with it. That is one of the outstanding things in relation to that subject.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഈപ്പൻ അറയ്ക്കൽ: നിസ്സാരമായ കേടുകളുണ്ടായാൽ ഡ്രൈവർമാർതന്നെ നന്നാക്കുന്നപക്ഷം ഇന്നത്തെനിലയേക്കാൾ വളരെവിഷമം കൂടാതെ ബസ്സുകൾ ഓടിക്കുവാൻ സാധിക്കുകയില്ലേ?

Sri. E. John Philipose: It often occurs and that fact is more or less inevitable.

ശ്രീ. ഈപ്പൻ അറയ്ക്കൽ: ഡ്രൈവർമാർ ബസ്സിന്റെ കേടുപാടുകൾ നന്നാക്കാതിരിക്കുന്നതുകൊണ്ടു വണ്ടികൾ വളരെ താമസിച്ചാണ് ഓടിക്കൊണ്ടിരിക്കുന്നതെന്നുള്ളവിവരം ഗവണ്മെന്റിനറിയാമോ; അതുകൊണ്ടു ഡ്രൈവർമാർതന്നെ നിസ്സാരകേടുകൾ റിപ്പയർചെയ്യുന്നതിനു അനുവാദം കൊടുക്കുന്നതോ?

Mr. Speaker: The question was put and answered.

ശ്രീ. മന്നത്തു പത്മനാഭൻ: സർ, ഒരു പോയിന്റ് ഓഫ് ഓർഡർ. ചോദ്യോത്തരവേളയിൽ ഒരു മെമ്പർ മലയാളത്തിൽ ചോദിച്ചാൽ ബഹുമാനപ്പെട്ട മന്ത്രിക്കു മലയാളത്തിൽതന്നെ ഉത്തരം പറഞ്ഞുകൂടെ? മാതൃഭാഷ അറിയാൻപാടില്ലാത്തവരായി നമ്മുടെ മന്ത്രിമാരുടെ കൂട്ടത്തിലില്ലല്ലൊ.

മിസ്റ്റർ സ്പീക്കർ: മലയാളത്തിൽ ഉത്തരം പറഞ്ഞാൽകൊള്ളാമെന്നു പ്രസ്താവിച്ചുകഴിഞ്ഞു. എന്നാൽ അങ്ങനെ മലയാളത്തിലേ ഉത്തരം പറയാവൂ എന്നു നിർബ്ബന്ധമായി ഓർഡർചെയ്യാവുന്നതാണെന്നു തോന്നുന്നില്ല.

ശ്രീ. തൈക്കൂട്ടത്തിൽ കുഞ്ഞിത്തൊമ്മൻ: മലയാളത്തിൽ പറയാൻ മന്ത്രിക്കു നിവൃത്തിയില്ലാത്തതുകൊണ്ടാണോ ഇംഗ്ലീഷിൽ പറയുന്നതു?

മിസ്റ്റർ. സ്പീക്കർ: അതാണെന്നു തോന്നുന്നില്ല.

ശ്രീ. കെ. പി. നീലകണ്ഠപ്പിള്ള: ഇവിടെയുള്ള മലയാളികൾ രണ്ടാഴ്ചയിലൊരിക്കലാണു ഈ സഭയിൽ ഹാജരാകുന്നതെന്നു ബഹുമാനപ്പെട്ട സ്പീക്കർക്കറിയാമോ?

മിസ്റ്റർ. സ്പീക്കർ: അറിഞ്ഞുകൂടാ. ചോദ്യം അസ്ഥാനത്തിലാണ്.

ശ്രീ. തൈക്കൂട്ടത്തിൽ കുഞ്ഞിത്തൊമ്മൻ: ഇംഗ്ലീഷു അറിയാൻപാടില്ലാത്ത മെമ്പറന്മാർക്കു താൻ പറയുന്നതൊന്നും മനസ്സിലാകുന്നതെന്നു മന്ത്രിക്കു നിർബ്ബന്ധമുണ്ടോ?

ശ്രീ. ടി. വി. തോമസ്: സർ, ഇംഗ്ലീഷിൽ പറയുന്നതിൽ ഞങ്ങൾക്കു യാതൊരു വിരോധവുമില്ല. അതിന്റെ അർത്ഥംകൂടി മലയാളത്തിൽ പറഞ്ഞുതന്നാൽ മതിയായിരുന്നു.

മിസ്റ്റർ. സ്പീക്കർ: ഇംഗ്ലീഷിൽ സംസാരിക്കുന്നതിന്റെ അർത്ഥം പറഞ്ഞുതരാൻകൂടി മന്ത്രി തയ്യാറാകുന്നതിൽ എതിരഭിപ്രായമില്ല. എന്നാൽ മന്ത്രിയെ അങ്ങനെ നിർബ്ബന്ധിക്കുവാൻ സ്പീക്കർക്കു അവകാശമില്ല. മന്ത്രിമാർ ഏതെങ്കിലും ഇംഗ്ലീഷിൽ പറഞ്ഞുകൊണ്ടിരിക്കുമ്പോൾ മലയാളത്തിൽ പറയണമെന്നു അവരെ ഓർമ്മപ്പെടുത്തുന്നപക്ഷം അവർ അങ്ങനെ ചെയ്യുമെന്നു പ്രതീക്ഷിക്കാവുന്നതാണ്.

ശ്രീ. മന്നത്തു പത്മനാഭൻ: ഇവിടെ വരുകയും പാസാക്കുന്നഘട്ടത്തിൽ ഉപയോഗിക്കേണ്ട ഭാഷ എന്തായിരിക്കണമെന്നു പര്യാലോചിച്ചപ്പോൾ മലയാളത്തിൻതന്നെ വേണമെന്നു ഞങ്ങളെല്ലാം അഭിപ്രായപ്പെട്ടതാണ്. അപ്പോൾ സമാധാനമായി പറഞ്ഞതു മിക്കവാറും എല്ലാവരും മലയാളത്തിൽതന്നെ സംസാരിക്കുമെന്നു പ്രതീക്ഷിക്കാമെന്നും, എന്നാൽ ആരെങ്കിലും എന്തെങ്കിലും കാരണവശാൽ ഇംഗ്ലീഷിൽ സംസാരിക്കണമെന്നു അഭിപ്രായമുണ്ടായാൽ അതിനു പ്രതിബന്ധം ഉണ്ടാക്കരുതെന്നുമായിരുന്നു. എന്നാൽ ഇപ്പോൾ മറിച്ചാണ് അനുഭവപ്പെടുന്നതു.

Sri. E. John Philipose: It is not quite correct to say so. From the very beginning I have stated that I would exercise my right and option to speak in English whenever I think it neceessary to express my ideas.

ശ്രീ. മന്നത്തു പത്മനാഭൻ: ബഹുമാനപ്പെട്ട മന്ത്രി ഇപ്പോൾ പറഞ്ഞതു എന്താണെന്നു മനസ്സിലായില്ല.

മിസ്റ്റർ. സ്പീക്കർ: ഇവിടെ പറയുന്ന ഇംഗ്ലീഷു എല്ലായ്പ്പോഴും ഭാഷാന്തരംചെയ്യാൻ നിവൃത്തിയില്ല. എങ്കിലും ഇപ്പോൾ മന്ത്രി പറഞ്ഞതു ചിലപ്പോൾ അദ്ദേഹത്തിന്റെ ആശയങ്ങൾ വെളിവാക്കുന്നതിനു ഇംഗ്ലീഷുഭാഷയിൽ സംസാരിക്കുന്നതാണു കൂടുതൽ സൌകര്യമെന്നും അങ്ങിനെ സംസാരിക്കുന്നതിനുള്ള അവകാശം അദ്ദേഹം സന്ദർഭംപോലെ ഉപയോഗപ്പെടുത്തുമെന്നു ആദ്യമെതന്നെ പറഞ്ഞിട്ടുള്ളതാണെന്നുമാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. മന്നത്തു പത്മനാഭൻ: സർ, ഇംഗ്ലീഷു് അറിയാൻപാടില്ലാത്തവരും മലയാളം മാത്രം അറിയാവുന്നവരുമായ ചില മെമ്പറന്മാർ ഇവിടെയുണ്ടു്. മന്ത്രിമാർ ഇംഗ്ലീഷിൽ സംസാരിക്കുന്നതു അവരോടുള്ള അനാദരവായിക്കൂടി ഗണിക്കത്തക്കതല്ലേ?

മിസ്റ്റർ. സ്പീക്കർ. ഏതായാലും ഇതു ചോദ്യോത്തരവേളയാണെല്ലോ. ചോദ്യോത്തരങ്ങൾ കഴിഞ്ഞിട്ടു വേണമെങ്കിൽ നമുക്കു ഇതിനെപ്പറ്റി ആലോചിക്കാവുന്നതാണു്.

ശ്രീ. കളത്തിൽ വേലായുധൻനായർ. ഡ്രൈവറന്മാരെക്കൊണ്ടു ടാസ്സോർട്ടബസ്സുകൾ റിപ്പയർചെയ്യിക്കുന്നതിൽ എന്താണു മിഷ്മം; അവർക്കു ചെയ്യാവുന്ന റിപ്പയറുകൾ ചെയ്യുന്നതിനു വിരോധമുണ്ടോ?

ശ്രീ. ഇ. ജാൺ ഫിലിപ്പോസ്: ഇപ്പോഴത്തെ നിലയിൽ ഏറ്റവും നിസ്സാരങ്ങളായ കേടുകൾമാത്രം നീക്കുപോക്കുചെയ്യുന്നതിനേ ഡ്രൈവർമാരെ അനുവദിച്ചിട്ടുള്ളു. ആ വ്യവസ്ഥ ഇപ്പോഴും നിലവിലിരിക്കുകയാണു്. അതിനു എന്തെങ്കിലും മാറ്റംവരുത്തുന്നതിനു മുമ്പു ഡ്രൈവർമാർക്കു് അതിനെപ്പറ്റിയുള്ള പരിശീലനം കൊടുക്കേണ്ടതായുണ്ടു്.

Sri. P. T. Chacko: May I know whether the buses are provided with tools?

Sri. E. John Philipose: I have already said that equipment for buses are not completely satisfactory and therefore Government have now ordered for tools and every bus will be more or less equipped as far as possible.

ശ്രീ. എ. കെ. പാപ്പുപിള്ള: സീനിയറും എഫിഷ്യൻറുമായ ഡ്രൈവർമാരെക്കൊണ്ടെങ്കിലും ബസ്സുകൾ റിപ്പയർ ചെയ്യിക്കുന്നതിനു അനുവദിക്കരുതോ?

ശ്രീ. ഇ. ജാൺ ഫിലിപ്പോസ്: അത്തരത്തിൽ ഒരു പരിഗണനവയ്ക്കുന്നതു നന്നാമെന്നു പ്രയാസകരവും, രണ്ടാമതു അനാവശ്യവുമാണു്.

സാഹിബ് ബഹദൂർ കെ. എ. മുഹമ്മദ്: ചില കേടുപാടുകൾ നന്നാക്കുന്നതിനുള്ള ടൂൾസു ഡ്രൈവർമാരുടെ പക്കൽതന്നെയില്ലേ?

ശ്രീ. ഇ. ജാൺ ഫിലിപ്പോസ്: ഉണ്ടായിരിക്കാം.

ERAPPUNKAL PERIYAR RIVER ROAD.

*608. [11] **Sri. N. P. Varghese:** Will the Hon'ble Minister for Public Works be pleased to state.—

(*a*) whether the Erappunkal Periar River road in Muvattupuzha taluk has been open to the public;

(*b*) are Government aware that portion of it runs through an estate and the owner of the estate has closed that portion recently:

(*c*) are Government aware that the road was constructed by public subscription and that a huge amount was spent by Government by way of maintenance of the estate portion of the road;

(*d*) are Government aware that the Public Works Department have requested Government to acquire the estate portion of the road; and

(*e*) what is the delay for the acquisition proceedings?

Sri. E. John Philipose :

(*a*) The road up to the estate limit, i.e., excluding to last one mile and 760 R ft. is now open to the public.

(*b*) A gate has been put up by the estate authorities at their boundary and so the last bit is not entirely open to the public.

(*c*) It is not known whether earlier to the improvements done by Government the public have done any work themselves in the estate portion of this road by subscribing among themselves. No maintenance grant has yet been sanctioned for this road.

(*d*) Government have approved of the acquisition of the estate portion of the road in the year 1948. The land acquisition is pending consideration due to the District Collector, Kottayam, having proposed an alternative road.

(*e*) In view of answer to part (*d*) this does not arise.

ശ്രീ. എൻ. പി. വറുഗീസ്: സർക്കാരിൽനിന്നും എത്ര സംഖ്യ ചിലവാക്കിയാണു് ഈ റോഡ് ഉണ്ടാക്കിയിട്ടുള്ളതു്?

ശ്രീ. ഇ. ജാൺ ഫിലിപ്പോസ്: അതിനെപ്പറ്റിയുള്ള ഇൻഫർമേഷൻ ഇപ്പോൾ എന്റെ കൈവശമില്ല.

LIBRARY ARCHIVES Kerala Legislative Assembly